# ഓർമ്മത്താളുകൾ

## ലിറ്റിൽ കൈറ്റ്സ് 2019-20



# സാരഥികൾ

**പ്രിൻസിപ്പാൾ** — **ഹെഡ്മിസ്ട്രസ്**

**കൃഷ്ണലേഖ കെ ആർ** — **ജെ. സബീന ബീഗം**






**ആശംസകളോടെ**.......................................

# ആമുഖം

***ഇത് കുരുന്നുകളുടെ സർഗസൃഷ്ടി ................***

***മാറിവരുന്ന വിദ്യാഭ്യാസ പ്രക്രിയയുടെ നേരനുഭവം.സർഗാത്മകതയുടെയും സാങ്കതികവിദ്യയുടെയും സമ്മേളനം...............***

***കഴക്കൂട്ടം ഗവ : ഹയർസെക്കൻ്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയാറാക്കിയ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു........***

***രശ്മി.പി.എസ്,ബബിത.ബി***

***(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്)***

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

രശ്മി പി എസ്

## എഡിറ്റേഴ്സ്

ബിസ്മിമോൾ

ജയകൃഷ്ണൻ

കൈലാസ്

സിദ്ധാർഥ്

# താളുകളിലൂടെ

1. ജന്മദിനം - വായനാക്കുറിപ്പ്

2. എന്റെ മലയാളം - കവിത

3. മാക്ബത്ത് - വായനാക്കുറിപ്പ്

4. അറബിക്കഥകൾ -വായനാക്കുറിപ്പ്

5. മഴവില്ല്- കവിത

6. എന്റെ പനിനീർ പൂവ്- കവിത

7. ക്യാമറ കണ്ണിലൂടെ

8. നന്ദി

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

കൈലാസ് പി എസ്

സിദ്ധാർഥ് എസ് ബി

അഭിജിത് ആർ വി

ഇമ്മാനുവൽ ജോൺ

അഭിനവ് ഡി പ്രസൻ

വിഷ്ണു പ്രസാദ് എസ്

മുഹമ്മദ് മുനീർ

അൽ അമീൻ എസ്

നജീബ് എസ്

അമിൻ ഷാ

അതുൽ കെ ജി

ഗോകുൽ കൃഷ്ണൻ എച്

കിരൺ ബി എസ്


Little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
നമ്പർ ........LK/2018/43008.......................
ഗവ. ഹയർ സെക്കന്ററി സ്കൂൾ
കഴക്കൂട്ടം, തിരുവനന്തപുരം
0471 2418167

വായനാകുറിപ്പ്

# ജന്മദിനം

പ്രശസ്ത എഴുത്തുക്കാരൻ വൈക്കം മുഹമ്മദ് ബഷീറിൻെറ കൃതിയാണ് ജൻമദിനം.തൻെറ അനുഭവങ്ങളെ കഥകളും നോവലുകളുമാക്കി വായനക്കാർക്ക് സമ്മാനിച്ച ഒരു എഴുത്തുക്കാരനാണ്.സങ്കടവും,ദാരിദ്രവും നിറഞ്ഞ എഴുത്തുക്കാരൻ എന്നും അദ്ദേഹത്തെ വിശേഷിപ്പിക്കാം.

സങ്കടവും ദാരിദ്രവും നിറഞ്ഞ ഒരു ജൻമദിന അനുഭവമാണ് ജൻമദിനം എന്ന കൃതിയിലൂടെ അദ്ദേഹം വായനക്കാർക്ക് നൽകിയത്.പതിവിലും േനരത്തെ ഉണരുകയും വെള്ള ഖദർ ഷർട്ടും,മുണ്ടും ധരിക്കുകയും ഇന്നേ ദിവസം ആരോടും കടം ചോദിക്കരുത് എന്ന് പ്രതിജ്ഞ ചെയ്തുമാണ് ബഷീർ ജൻമദിനത്തെ വരവേറ്റത്.പക്ഷേ വിധി അദ്ദേഹത്തിനെ അതിനു സമ്മതിച്ചില്ല. ദാരിദ്ര്യം എന്ന മഹാ രോഗം അദ്ദേഹത്തെ നേരത്തേ തന്നെ പിടികൂടിയിരുന്നു.

രാവിലെ ഒരു ചായകുടിക്കാൻ പല മാർഗ്ഗങ്ങളും ശ്രമിച്ച ബഷീർ. പക്ഷേ പരിചയക്കാർ അദ്ദേഹത്തെ കാണാത്തതുപോലെ നടിച്ചു. സങ്കടവും വിശപ്പും ജന്മദിനത്തിൽ ബഷീറിനെ വളരെ ഏറെ അവശനാക്കി.തനിക്ക് ഊണ് തരാമെന്ന് പറഞ്ഞ ഹമീദ് എന്തോ ആവശ്യത്തിനായി പോയി.ജന്മദിനത്തിൽ ഒരു തുള്ളി വെള്ളം പോലും കുടിക്കാതെ ബഷീർ നിശ്ചലനായി നിന്നു.

ഈ ദാരിദ്ര്യത്തിനിടയിലും മറ്റുള്ളവരെ സഹായിക്കാനുള്ള മനസ് ബഷീറിനുണ്ടായിരുന്നു.അടുത്ത വീട്ടിലെ വേലക്കാരൻ പയ്യൻ ബഷീറിൻെറ അവസ്ഥ കണ്ടിട്ട് അവൻെറ കൈയിൽ ഉണ്ടായിരുന്ന രണ്ടണ ബഷീറിന് നൽകാമെന്നു പറഞ്ഞു.അപ്പോഴാണ് ബഷീറിൻെറ കൂട്ടുകാരൻ ഒരു ആവശ്യത്തിനായി ബഷീറിനോട് ഒരണ ചോദിച്ചത്.ബാക്കി ഒരണയ്ക്ക് ഭക്ഷണം വാങ്ങി കഴിച്ചു.

രാത്രിയിൽ ബഷീർ വിശപ്പുകൊണ്ട് മാത്യു എന്ന സുഹൃത്തിൻെറ വീട്ടിൽ നിന്നും മോഷ്ടിച്ച് ഭക്ഷണം കഴിച്ചു.പട്ടിണിയും, ദാരിദ്ര്യവും അദ്ദേഹത്തെ മോഷ്ടിക്കാൻ പ്രേരിപ്പിച്ചു.അതിൽ ബഷീറിന് കുറ്റബോധമുണ്ടായിരുന്നു

ഒരു തെറ്റും തൺെറ ജന്മദിനത്തിൽ ചെയ്യരുത് എന്ന് പ്രതിജ്ഞ ചെയ്ത എഴുത്തുക്കാരൻ വിശപ്പുക്കാരണം മോഷ്ടിച്ച് ഭക്ഷണം കഴിക്കേണ്ട അവസ്ഥയിൽ എത്തി.ആ അനുഭവങ്ങൾ തൂലികയിലൂടെ വായനക്കാർക്ക് സമ്മാനിച്ചു ബഷീർ.

ഡി.സി ബുക്ക്സ് വില-50/-

ബിസ്മി മോൾ.എൻ

10 B

# എന്റെ മലയാളം

കവിത

എന്തേ ഞാനിവളെ സ്നേഹിച്ചില്ലിതുവരെ
മുറ്റത്തെ മുല്ലയിലെ പൂക്കൾ കണ്ടില്ല
നീ എൻെറ ചാരത്തു തന്നെയായിട്ടും
മോഹപൂക്കൾ തേടി ഞാനലഞ്ഞല്ലോ
തൊട്ടപ്പോൾ കുളിരിൻെറ പട്ടം നീ തന്നു
സ്നേഹോപഹാരങ്ങൾ തോരാതെ നൽകി
പൂക്കൾ ചിരിക്കുന്ന താഴ്വര തോറും
പൂമണം മൂടുന്ന മേടുകൾ തോറും
കൈ നീട്ടി ഗന്ധർവ്വ കന്യയെപോലെ
കെട്ടിപ്പിടിക്കാൻ നീ മോഹിച്ചു നിന്നു
അജ്ഞാതലോകത്തെ ആൽമരച്ചോട്ടിൽ
കാണാത്ത കാറ്റിനെ തേടി ഞാൻ നിന്നു
ഗരിമയ്ക്കു താങ്ങാത്ത അറിവിൻെറ നാളം
തിരിപോലെ എന്നുള്ളിൽ തെളിനീരുനൽകി
കുളിരുന്ന ഹൃദയത്തെ ചുംബിച്ചു ഞാനും
നിൻ മാറിൻ ചൂടേറ്റുപറ്റിക്കിടന്നു
സുഖനിദ്ര തന്നിട്ടു നീ മറഞ്ഞപ്പോൾ
കുന്നിൻ ചെരുവിലെ സൂര്യനായി മാറി
ഞാൻ കത്തുന്ന തീക്കനൽ ജ്വാലയായ് മാറി
എന്നിൽ മലയാളം ജ്വാലയായ് മാറി

ശ്രീജ.എസ്
UPSA

*വായനാക്കുറിപ്പ്*

# *മാക്ബത്ത്*

പ്രശസ്ത ഇംഗ്ലീഷ് എഴുത്തുകാരനായ വില്യം ഷേക്സ്പിയറിൻെ്റ ദുരന്തനാടകങ്ങളിൽ ഒന്നാണ് മാക്ബത്ത്.അധികാര മോഹമൂലം സ്കോട്ടിഷ് ജനറലിനുണ്ടാകുന്ന അധപതനമാണ്ഈ നാടകത്തിൻെ്റ ഇതിവൃത്തം.ഏത് കാലത്തും പ്രശംസനേടുന്ന ഒരു നാടകം കൂടിയാണ് ഇത്.അധികാരം മോഹിച്ച് കൊണ്ട് ലഹളകളും കലാപങ്ങളും നടത്തുന്ന ഈ കാലഘട്ടത്തിൽ ഈ നാടകത്തിൻെ്റ മൂല്യം ഉയർത്തികാട്ടുന്നു.പതിനേഴാം നൂറ്റാണ്ടിൻെ്റ തുടക്കത്തിൽ രചിക്കപ്പെട്ടു എന്നു കരുതപ്പെടുന്ന ഈ നാടകം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ തനിമ ചോരാതെ നിൽക്കുന്നു.ഈ കാലഘട്ടത്തിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും പിറകെ പോയി കുഴപ്പത്തിലാകുന്നവർ കൂടുതലാണ് അവർക്ക് ഒരു മുന്നറിയിപ്പ് കൂടിയാണ് ഈ നാടകം.ഒരു പക്ഷേ വരും തലമുറയിൽ ഇങ്ങനെയൊക്കെ സംഭവിക്കും എന്ന് കരുതിയത് കൊണ്ടായിരിക്കാം അദ്ദേഹം പതിനാറാം നൂറ്റണ്ടിൽ ഇങ്ങനെ ഒരു നാടകം രചിച്ചത് എന്ന് നമ്മുക്ക് ചിന്തിക്കാതിരിക്കാൻ കഴിയുകയില്ല.വരും തലമുറയ്ക്ക് വെളിച്ചം വീശാൻ കഴിയുന്ന ഒരു നാടകം കൂടിയാണ് ഇത്.

നഫ്സൽ.എൻ

10B

*വായനാകുറിപ്പ്*

# അറബിക്കഥകൾ

എണ്ണിയാൽ ഒടുങ്ങാത്ത കഥകൾ വിളഞ്ഞ നാടാണ് അറേബ്യ.മരുഭൂമിയിലെ മനസ്സുകൾ സൃഷ്ടിച്ച മധുരമധുങ്ങളായ കഥകളിൽ,ലോകമെങ്ങുമുള്ള ജനത ഇരുകൈകളും നീട്ടി സ്വീകരിച്ചവരാണ് "ആയിരത്തൊന്നരാവുകൾ".ഷെഹ്റാറിയാർ ചക്രവർത്തി സുന്ദരിയായ ഷെഹ്റാസാദ് ആയിരത്തൊന്നു രാവുകളിലായി പറഞ്ഞുകൊടുത്ത ആ കഥാസാഗരത്തിലെ കുറെ നന്മുത്തുകൾ കുട്ടികൾക്കായി,ലളിതമായ ശൈലിയിൽ ഇവിടെ ആവിഷ്കരിച്ചിരിക്കുന്നു.

കാർത്തിക രാജേഷ്

6 C

# മഴവില്ല്

കവിത

സ്വപ്നവർണ്ണങ്ങൾ ചാലിച്ചതൊക്കയും
ഒന്നൊന്നായി നിരത്തിവച്ചപ്പോൾ
വിണ്ണിൽ വിരിഞ്ഞൊരത്ഭുതമെ.....
നിന്നെ കാണാൻ എന്തു ഭംഗി
ഞാനുമെൻ കൂട്ടുകാരും നിന്നെ നോക്കി നിൽക്കവേ.....

ദൂരെ നിന്നവനേതോ നനുനനുത്ത കാറ്റ്
കാറ്റിലാകെ മണ്ണിന്റെ പുതുമയുള്ള ഗന്ധം
കാർമേഘം കലിതുള്ളി പെയ്യാൻ ഒരുങ്ങുമ്പോൾ
മഴവന്ന ദിക്കിനെതിരായി ഞാനോടി
മഴയെന്നെ തോൽപ്പിച്ച കടന്നു പോയി......

ആകാശ് ലാല്

കവിത

## എന്റ പനിനീർപൂവ്

കാറ്റിൽ സുഗന്ധം പരത്തി വിടർന്ന
എൻെ്റ പനിനീർപ്പൂവ്
ഇതളുകൾ വിരിയാനായി ഞാൻ
കാത്തുനിന്നു,നിമിഷങ്ങൾ
എണ്ണിയെണ്ണി രാവിലെ മുറ്റത്ത്
അഴകോടെ നിൽക്കുന്ന നിന്നെ
കാണുവാൻ വന്നു
ചിത്രശലഭങ്ങൾ,തുമ്പികൾ
വണ്ടുകൾ പിന്നെ നിനക്കായി
കാത്ത ഞാനും....

ആരതി
7B



# ക്യാമറ കണ്ണിലൂടെ .................

















# പരിസ്ഥിതിദിനം










# വായനാദിനം




ഉത്തമ ഗ്രന്ഥം
അറിവിന്റെ
അമൃത കുംഭം
വായനയോളം നിത്യഫലം
തരുന്ന ചെലവു കുറഞ്ഞ
വിനോദം വേറെയില്ല


ഗവ : ഹയർസെക്കന്ററി സ്കൂൾ
കഴക്കൂട്ടം, തിരുവനന്തപുരം
സർഗ്ഗം 2017





# സ്വാതന്ത്ര്യദിനാഘോഷം







# പോഷൻ അഭിയാൻ


POSHAN
Abhiyaan
PM's Overarching
Scheme for Holistic
Nourishment
सही पोषण - देश रोशन
Say No To Junk Food

# ഓണനിലാവ്








# ഗാന്ധി ജയന്തി









# വേൾഡ് സ്പെയ്സ് വീക്ക്






# ശാസ്ത്രമേളയിലെ സാന്നിധ്യം



## ശാസ്ത്രരംഗം



## സ്കൂൾ ബിൽഡിംഗ്- രണ്ടാംഘട്ട ഉദ്ഘാടനം




# നൈതികം- സ്കൂൾഭരണഘടന നിർമ്മാണ പരിശീലനം



## ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്






## ഭിന്നശേഷി ദിനം





## റിപ്പബ്ലിക് ദിനം



# പ്രകാശം വിദ്യാഭ്യാസ പദ്ധതി



## *നന്ദി*

***ഈ ഡിജിറ്റൽ മാഗസിൻ യാഥാർഥ്യമാക്കാൻ സഹായിച്ച പ്രിൻസിപ്പാൾ, ഹെഡ്മിസ്ട്രസ്, ശ്രീജ ടീച്ചർ, രജനി ടീച്ചർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എന്നിവർക്കും മറ്റ് അധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു .***

***രശ്മി പി എസ്***

***എഡിറ്റർ***